രേഖകളൊന്നും ശ്രീ. എം. പി. ശ്രേയസ്കുമാർ ഹാജരാകാത്തതിനാൽ ടി ഭൂമി സർക്കാർ ഭൂമിയായി നിലനിർത്തിക്കൊണ്ട് ഉത്തരവായിട്ടുള്ളതാണ്. ആയത് സംബന്ധിച്ച് വില്ലേജ് റിക്കാർഡുകളിൽ മാറ്റം വരുത്തിയിട്ടുള്ളതുമാണ്. ഇപ്പോൾ ഈ ഭൂമി സർക്കാർ അധീനതയിൽ തന്നെ തുടരുന്നതും ആരിൽനിന്നും നികുതിയോ മറ്റോ സ്വീകരിക്കാത്തതുമാണ്.

(ഇ) ആരെങ്കിലും വ്യാജരേഖ ചമച്ചതായി അന്വേഷണത്തിൽ വെളിവായിട്ടില്ല.

(എഫ്) വ്യാജരേഖ ഉണ്ടാക്കിയതായി വെളിവാകാത്തതിനാൽ കേസ് ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

(ജി) ഇല്ല.

(എച്ച്) ഉത്തരം 'ജി' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഐ) കേസുകൾ ഒന്നുംതന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

(ജെ) കൃഷ്ണഗിരി അംശം കൃഷ്ണഗിരി എന്ന സ്ഥലത്ത് മലന്തോട്ടം എസ്റ്റേറ്റ് എന്ന പേരിൽ നിയമാനുസരണമല്ലാതെ അനധികൃതമായി 114 ഏക്കർ സ്ഥലം ശ്രീ. എം. പി. വീരേന്ദ്രകുമാറും അനുജനും കൈവശംവച്ച് വരുകയും ആയതിന് വ്യാജമായി കോഫി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സമ്പാദിക്കുകയും ഒരു റവന്യൂ ജീവനക്കാരന്റെ സഹോദരൻ അബ്ദുൽസത്താറിന് മേൽ ഭൂമിയിൽനിന്നും അഞ്ച് ഏക്കർ സ്ഥലം "ഗ്രാറ്റിഫിക്കേഷൻ" ആയി നൽകുകയും മേൽസ്ഥലത്ത് ഉണ്ടായിരുന്ന വിലപിടിപ്പുള്ള മരങ്ങൾ കോഴിക്കോട്, വയനാട് എന്നീ സ്ഥലങ്ങളിലെ വ്യാപാരികൾക്ക് ഗൂഡാലോചന നടത്തി വിൽപ്പന നടത്തുകയും വിജിലൻസ് ഡി. വൈ. എസ്. പി. യുടെ അന്വേഷണത്തിൽ അനധികൃതമായി മരം മുറിച്ച് മാറ്റിയതായി തെളിഞ്ഞതിന്റെ പേരിൽ വി സി.–1/89 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും മേൽ സാഹചര്യത്തിൽ സർക്കാർ ഭൂമിയിൽനിന്നും മരം മുറിച്ച് മാറ്റിയതിന് എതിർകക്ഷികളെ അറസ്റ്റ് ചെയ്ത് ഗൂഡാലോചന, അഴിമതി എന്നീ കുറ്റകൃത്യങ്ങൾക്ക് കേസ് രജിസ്റ്റർ ചെയ്ത് കർശന നടപടികൾ സ്വീകരിക്കണം എന്നും മറ്റുമാണ് പരാതിയുടെ ഉള്ളടക്കം.

(കെ) റവന്യൂ വകുപ്പിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളായതിനാൽ റിപ്പോർട്ട് വയനാട് ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്.അതു സംബന്ധിച്ച് റവന്യൂ വകുപ്പിൽനിന്നും പരാതികൾ ലഭിക്കാത്തതിനാൽ കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

റിക്രൂട്ട്മെന്റ് ഏജൻസികളെ നിയമപരമായി നിരോധിക്കാൻ നടപടി

72 [3123] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പരസ്യങ്ങളിലൂടെ ഉദ്യോഗാർത്ഥികളെയും വിദ്യാർത്ഥികളെയും കബളിപ്പിക്കുന്ന റിക്രൂട്ട്മെന്റ് ഏജൻസികളെക്കുറിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇത്തരം പരസ്യങ്ങൾ പത്രങ്ങളിൽ നൽകുന്ന ഏജൻസികൾക്ക് സർക്കാർ രജിസ്ട്രേഷൻ ഉണ്ടോ;

(സി) ഇല്ലെങ്കിൽ നിയമപരമായി പ്രസ്തുത ഏജൻസികളെ നിരോധിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഏജൻസികൾക്ക് രജിസ്ട്രേഷൻ നൽകേണ്ടതും ഏജൻസികളെ നിരോധിക്കാൻ നടപടി സ്വീകരിക്കേണ്ടതും കേന്ദ്രസർക്കാരാണ്.

ഗൾഫ് മലയാളികളുടെ ജോലി സുരക്ഷിതത്വം

73 [3124] ശ്രീ. മഞ്ഞളാംകുഴി അലി:

,, സാജുപോൾ:

ശ്രീമതി പി. കെ. ശ്രീമതിടീച്ചർ:

,, ഗിരിജാ സുരേന്ദ്രൻ താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ ജോലി സുരക്ഷിതത്വം നഷ്ടമാകുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നിയമങ്ങൾ കർക്കശമാക്കുന്നതുമൂലം ഗൾഫ് മലയാളികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ആശയവിനിമയം കേന്ദ്ര സർക്കാരുമായി സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഗൾഫ് മലയാളികളുടെ ജോലി സുരക്ഷിതത്വം ഉറപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly